## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 4961 24.07.2015-ൽ മറുപടിക്ക്**

**പേട്ട മൂന്നാംമനയ്ക്കൽ -പുള്ളി ലൈൻ ഡ്രെയിനേജ്**

| ചോദ്യം<br>**ശ്രീ.എ. കെ. ശശീന്ദ്രൻ :** | മറുപടി<br>ശ്രീ. പി.ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
|---|---|
| എ) തിരുവനന്തപുരം പേട്ട മൂന്നാംമനയ്ക്കൽ നിന്നും പുള്ളി ലൈൻ വരെയുള്ള ഡ്രെയിനേജ് സംവിധാനം നടപ്പിൽ വരുത്തുന്നതിനായി എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ; | (എ) തിരുവനന്തപുരം പേട്ട മൂന്നാംമനയ്ക്കൽ മുതൽ പുള്ളി ലൈൻ വരെയുള്ള ഒന്നര കിലോ മീറ്ററോളം ദൂരത്തിൽ പൈപ്പ് ലൈനുകളും മാൻ ഹോളുകളും നിലവിലുണ്ട്. 'സി' ബ്ലോക്കിന്റെ പുനരുദ്ധാരണ പദ്ധതിയിൽ ഉൾപ്പെടുത്തി നിലവിലുള്ള ഒന്നര കിലോ മീറ്ററോളം ലൈൻ കൽപക നഗർ പമ്പ് ഹൗസുമായി ബന്ധിപ്പിക്കുന്ന ജോലികൾ നടന്നു വരുന്നു. ചാക്ക മുതൽ കൽപക നഗർ പമ്പ് ഹൗസ് വരെയുള്ള ട്രങ്ക് മെയിൻ നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയുടെ അനുവാദം കിട്ടിയാൽ മാത്രമേ പൂർത്തീകരിക്കാൻ സാധിക്കുകയുള്ളൂ. |

| | | | |
|---|---|---|---|
| ബി) | 1985-ൽ ഡ്രെയിനേജ് പൈപ്പിടാൻ കഴിച്ചിട്ടും ഇതുവരെയും തുടർ നടപടികൾ സ്വീകരിച്ചിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; | (ബി) | കൺസൾട്ടന്റിന്റെ പദ്ധതി റിപ്പോർട്ട് പ്രകാരം 1985 കാലഘട്ടത്തിൽ സ്ഥാപിച്ച പ്രസ്തുത ലൈൻ ഉപയോഗ ശൂന്യമാണെന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. തുടർ നടപടി എന്ന നിലയിൽ സി ബ്ലോക്കിന്റെ പദ്ധതിയിൽ ടി ലൈനുകൾ പമ്പ് ഹൗസുമായി ബന്ധിപ്പിക്കുന്ന ജോലി കരാറുകാരനെകൊണ്ട് ചെയ്തു കൊണ്ടിരിക്കുന്നു. |
| സി) | ഇത് ഏത് പദ്ധതിയിൽ ഉൾ പ്പെടുത്തിയാണ് നടപടികൾ സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ; | സി) | എ.ഡി.ബി. ഫണ്ട് ഉപയോഗി ച്ചുള്ള 'സി' ബ്ലോക്കിന്റെ പുനരുദ്ധാരണ പദ്ധതിയിലാണ് ടി പ്രദേശത്തെ നിലവിലുള്ള ലൈനുകളെ പമ്പ് ഹൗസുമായി ബന്ധിപ്പിക്കുന്ന ജോലി ഉൾ-ക്കൊള്ളിച്ചിരിക്കുന്നത്. |
| ഡി | ഈ പ്രദേശത്ത് ഡ്രെയിനേജ് സംവിധാനം ഏർ പ്പെടുത്തുന്ന തിനുള്ള നടപടികൾ ത്വരിത പ്പെടുത്തണമെന്നാവശ്യപ്പെട്ടുകൊണ്ട് റസിഡന്റ്സ് അസോസിയേഷൻ നിവേദനം സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ അടിയന്തര നടപടികൾ സ്വീകരിക്കുമോ? | ഡി | സമർപ്പിച്ചിട്ടുണ്ട്. ടി പ്രദേശ-ത്തിന് സമീപത്തുള്ള 350 മീറ്റർ ദൂരത്തിൽ പൈപ്പ് ലൈനുകൾ നിലവിലില്ലാത്തതിനാൽ മൂന്നാം മനയ്ക്കൽ റസിഡന്റ്സ് അസോസി യേഷന്റെ അപേക്ഷ പ്രകാരം പ്രസ്തുത ദൂരം സ്വീവറേജ് ലൈൻ സ്ഥാപിക്കുവാനും നിലവിലുള്ള ലൈനുമായി ബന്ധിപ്പി ക്കുവാനും വേണ്ടിയുള്ള ഫീസിബിലിറ്റി സർ വ്വേ നടത്തുവാൻ വാട്ടർ അതോറിറ്റി നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ